കേരള സർക്കാർ

# ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.10)2043/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 13.12.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്ത ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി.10)2043/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 13.12.2016

## എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 22.08.2015 മുതൽ 15.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.11.2016 മുതൽ 23.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഡി.ജിനിൽ റോയ് , ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.എസ്.ഗോപകുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വി.ജെ. ജോസ് ഫിജോയ് , ഓഡിറ്റർ |
| | ശ്രീമതി. ആർ. റീന , ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.കെ. സുരേഷ് ബാബു | 01.04.15മുതൽ02.11.15വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 03.11.15മുതൽ15.11.15വരെ |
| | സോണി ചീക്കു | 16.12.15മുതൽ31.03.16വരെ |
| സെക്രട്ടറി | മാലതി കെ.വി | 01.04.15മുതൽ22.07.15വരെ |
| | ജയരാജ് പി.എം | 23.07.15മുതൽ31.03.16വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ബിന്ദു പ്രസാദ് | 01.04.15മുതൽ31.03.16വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ജയരാജ് പി.എം | 01.04.15മുതൽ18.08.15വരെ |
| | മീന മാത്യൂ | 19.08.15മുതൽ30.09.15വരെ |
| | മല്ലിക വി.ആർ | 01.10.15മുതൽ31.03.16വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സുലേഖ.എസ്.എൽ | 01.04.15മുതൽ31.03.16വരെ |
| കൃഷി ഓഫീസർ | ആനി ആന്റണി | 01.04.15മുതൽ08.06.15വരെ |
| | പുഷ്യരാജൻ | 08.06.15മുതൽ31.03.16വരെ |
| പി.എച്ച്.സി , മെഡിക്കൽ ഓഫീസർ | ഡോ.ഷേർളി ജോർജ്ജ് | 01.04.15മുതൽ25.01.16വരെ |
| | ഡോ.ശ്രീരേഖ | 26.01.16മുതൽ31.03.16വരെ |
| ഹോമിയോ , മെഡിക്കൽ ഓഫീസർ | ഡോ.നഫീസ.ഐ.കെ | 01.04.15മുതൽ31.03.16വരെ |
| ആയൂർവേദം മെഡിക്കൽ ഓഫീസർ | ഡോ.ബീന പ്രദീപ് | 01.04.15മുതൽ31.03.16വരെ |
| എൽ.വി.ഇ.ഒ | സ്മിത | 01.04.15മുതൽ31.03.16വരെ |
| വി.ഇ.ഒ | പ്രഗത് പ്രഭാകർ | 01.04.15മുതൽ31.03.16വരെ |
| ഐ.സി.ഡി.എസ് , സൂപ്പർവൈസർ | ഈശ്വരി | 01.04.15മുതൽ31.03.16വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | പ്രിയ ജോസഫ് | 01.04.15മുതൽ31.03.16വരെ |
| ഹെഡ്മിസ്ട്രസ് , ഗവ.എൽ.പി. സ്കൂൾ | ബീന പി.കെ | 01.04.15മുതൽ31.03.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം - 2 | |
| 13 | ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകത | 2-1 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| 15 | തൊഴിൽ നികുതി ഈടാക്കാത്തത് | 2-3 |
| 16 | കെട്ടിട നികുതി ഈടാക്കിയതിൽ അപാകത | 2-4 |
| 17 | സ്വകാര്യ മാർക്കറ്റിന് ലൈസൻസ് നൽകിയിട്ടില്ല | 2-5 |
| 18 | ഓടുകൾ നഷ്ടപ്പെട്ടത് – വില ഈടാക്കണണം | 2-6 |
| 19 | ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കാത്തത് | 2-7 |
| 20 | ലേല രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 2-8 |
| | ഭാഗം - 3 | |
| 21 | തുക ചെലവഴിച്ചതിന്റെ രേഖകളില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |
| 22 | ഗുണഭോക്തൃസമിതി പ്രവൃത്തി – അധിക നിരക്ക് നല്കി | 3-2 |
| 23 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് | 3-3 |
| 24 | ഗുണഭോക്തൃസമിതികളുടെ പ്രവൃത്തികൾ - അപാകതകൾ | 3-4(എ) |
| 25 | ഗുണഭോക്തൃസമിതികളുടെ പ്രവൃത്തികൾ – ഉപയോഗിക്കുന്ന സാമഗ്രികളുടെ ബില്ലുകൾ ഹാജരാക്കിയില്ല | 3-4(ബി) |
| 26 | ഹോമിയോ ഡിസ്പെൻസറിക്ക് വേണ്ടി നിർമ്മിച്ച കെട്ടിടം ഉപയോഗിക്കുന്നില്ല- പദ്ധതി ആസൂത്രണത്തിലെ അപാകത | 3-5 |
| 27 | പദ്ധതി ആസൂത്രണ-നിർവ്വഹണങ്ങളിൽ വീഴ്ച- വികസന ഫണ്ട് ചെലവാക്കാതെ പാഴായി. | 3-6 |
| 28 | ഐ.എ.വൈ ഭവന നിർമ്മാണം പദ്ധതിപൂർത്തീകരിച്ചില്ല | 3-7 |
| 29 | കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 3-8 |
| 30 | പട്ടികജാതി വിഭാഗക്കാർക്കായി ഭവന നിർമ്മാണം -ഫ്ലാറ്റ് നിർമ്മിച്ച് നല്കൽ- പദ്ധതിയുടെ അനുയോജ്യത പുനപരിശോധിക്കാവുന്നതാണ്. | 3-9 |
| | ഭാഗം - 4 | |
| 31 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം - 2015-16 | അനുബന്ധം.1 |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 42 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 43 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് 01.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | അക്കൗണ്ടസ് പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 5,02,79,044 | 3,65,02,047 | 1,37,76,997 |
| ചെലവ് | 5,28,88,931 | 4,28,93,723 | 99,95,208 |

പ്രതീക്ഷിത വരവ്-ചെലവും, യഥാർത്ഥ വരവ്-ചെലവും തമ്മിൽ വ്യത്യാസം കാണുന്നുണ്ട്. സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുടെ വരവ് -ചെലവും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവും ഉൾപ്പെടെയാണ് ബജറ്റിൽ പഞ്ചായത്തിന്റെ ആകെ പ്രതീക്ഷിത വരവ്-ചെലവ് കണക്കാക്കുന്നത്. എന്നാൽ സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ ഡി.ബി.റ്റി.(ഡയരക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) പ്രകാരവും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇ.എഫ്.എം.എസ് വഴിയും ആയതിനാൽ ആയവയുടെ കണക്കുകൾ യഥാർത്ഥ വരവ്-ചെലവ് കണക്കാക്കുമ്പോൾ വാർഷികധനകാര്യപത്രികയുടെ ഭാഗമായി വരുന്നില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 20.07.2016 | ഇല്ല | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ

## വിവരം.

വാർഷികധനകാര്യപത്രികയിൽ അപാകതകൾ ഇല്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 2,83,80,897 |
| വരവ് | 3,65,02,047 |
| ആകെ | 6,48,82,944 |
| ചെലവ് | 4,28,93,723 |
| നീക്കിബാക്കി | 2,19,89,221 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി | ശത മാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2086215 | 56,45,582 | 7731797 | 77,31,797 | 0 | 0 | 100 |
| വികസന ഫണ്ട്(എസ്. സി. പി) | 3395560 | 12,87,240 | 4682800 | 19,87,179 | 26,95,621 | 0 | 100 |
| വികസന ഫണ്ട് (ടി. എസ്.പി) | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1658034 | 9,48,581 | 2606615 | 26,06,615 | 0 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2328268 | 12,42,182 | 3570450 | 35,70,450 | 0 | 0 | 100 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1487691 | 49,29,912 | 6417603 | 34,67,642 | 29,49,961 | 0 | 100 |
| ലോക ബാങ്ക് സഹായം | 0 | 0 | 0 | 0 | 0 | 0 | 0 |
| MGN REGS | 0 | 2,62,848+ 4517161 = 47,80,009 | 4780009 | 2,60,449+ 4517161 = 47,77,610 | 0 | 2399 | |

| | | | | | | | |
|---|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 2,48,630+ 11217900 = 11466530 | 11466530 | 248630+ 11217900 = 11466530 | 0 | 0 | 100 |

11.12.2015-ൽ എസ്.സി.പി, ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ ഇനങ്ങളിൽ ബാക്കി നിന്നിരുന്ന യഥാക്രമം 26,95,621/-, 29,49,961/- എന്നിവയുടെ ആകെ തുകയായ 56,45,582/- രൂപ വികസന ഫണ്ട് (ജനറൽ) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. ഈ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയും, 01.04.2015-ലെ മുന്നിരിപ്പും ഉൾപ്പെടെ 77,31,797/- രൂപ 2015-16 വർഷം ചെലവായി. 12/2015 മുതൽ 31.03.2016- വരെ യഥാർത്ഥത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് വികസന ഫണ്ട് (ജനറൽ) ഇനത്തിൽ ചെലവൊന്നും തന്നെ വന്നില്ല എന്നത് പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു. 31.03.2016 -ൽ ഈ അക്കൗണ്ടുകളുടെയെല്ലാം നീക്കിബാക്കി ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 5,24,13,627 | 77 | 2,67,44,694 | 13 | 60 | 51.03% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതി – പൊതുശ്മശാനം പ്ലാന്റ് സ്ഥാപിക്കൽ

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം 29.56% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1,15,91,109 | 1,13,75,758 | (-)2,15,351 | (-)1.86% |
| നികുതിയേതര വരവുകൾ | 18,97,777 | 60,56,337 | (+)41,58,560 | (+)219% |
| മറ്റുവരവുകൾ | 2,15,449 | 3,23,044 | (+)1,07,595 | (+)49.93% |
| ആകെ | 1,37,04,335 | 1,77,55,139 | (+) 40,50,804 | (+)29.56% |

പഞ്ചായത്തിന്റെ മൊത്തം തനത് വരുമാനത്തിൽ 29.56% വളർച്ച കാണിക്കുന്നുണ്ടെങ്കിലും നികുതി- വരുമാനത്തിൻ വർദ്ധനവ് ഇല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2015-16 വർഷത്തിൽ കെട്ടിട പെർമിറ്റ് ഫീസിനത്തിൽ ലഭിച്ച 41,73,782/- രൂപയുടെ വരവാണ് മൊത്തം തനത് വരുമാന വർദ്ധനവിന് കാരണം എന്ന് കാണാവുന്നതാണ്. വരും വർഷങ്ങളിൽ നികുതി വരുമാനത്തിലും പുരോഗതി കൈവരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 26,880 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 8,43,000 | 216 |
| വിധവാപെൻഷൻ | 44,32,800 | 937 |
| വാർദ്ധക്യകാലപെൻഷൻ | 49,09,800 | 2075 |
| വികലാംഗപെൻഷൻ | 7,61,900 | 216 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 2,10,00 | 07 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 2,70,400 | 54 |

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ ഡി.ബി.റ്റി.(ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) വഴിയാണ് നല്കിവരുന്നത്.

# 1-9 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളെ സംബന്ധിച്ചുള്ള പരിശോധനയിൽ താഴെപ്പറയുന്നവ ശ്രദ്ധയിൽപ്പെട്ടു. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് .

ഓഫീസ് മീറ്റിംഗ് മിനിറ്റ്സ് ബുക്ക് : ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടുന്നുണ്ട്.യോഗ തീരുമാനങ്ങൾ/അഭിപ്രായങ്ങൾ മിനുട്സ് ബുക്കിൽ എഴുതിച്ചേർക്കേണ്ടതാണ്.

ഗ്രാമസഭ: ഗ്രാമസഭകൾ കൃത്യമായ കാലയളവിൽ ചേരുന്നുണ്ട്. ഗ്രാമസഭകളിൽ പരമാവധി ജനപങ്കാളിത്തവും ചർച്ചകളും ഉറപ്പുവരുത്തുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് : ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിററ് രജിസ്റ്റർ, , ആസ്തി രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. പരാതി രജിസ്റ്റർ എഴുതി പരിപാലിക്കുന്നതായി കാണുന്നില്ല.

പൊതുടാപ്പുകളുടെ വിശദാംശങ്ങൾ ഉള്ള രജിസ്റ്റർ, തെരുവുവിളക്കുകളുടെ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

# 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2016 ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7459/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-11 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | തൊഴിൽ ആവശ്യ | തൊഴിൽ നല്കപ്പെട്ടവരുടെ | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | 100 ദിവസം |
|---|---|---|---|---|

| | | | | പ്പെട്ടവരുടെ എണ്ണം | എണ്ണം | | | | | തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 312 | 0 | 324 | 636 | 259 | 259 | 7392 | 0 | 11702 | 19094 | 106 |

| മുന്നിരിപ്പ് | തൻവർഷവരവ് | | | ആകെ വരവ് | ചെലവ് | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| | EFMS | ഭരണ ച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | ആകെ | | EFMS | ഭരണ ച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | ആകെ | |
| 0 | 45,45,660 | 262848 | 4808508 | 4808508 | 45,45,660 | 260449 | 4806109 | 2399 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 120 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 98 |

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചതീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2016 മുതൽ 22.10.2016 വരെ | 2016 സെപ്റ്റംബർ | 24.10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.06.2011 മുതൽ 21.06.2011 വരെ | 2010-11 | 22.07.2011 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി.&ഒ. ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകത

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമാട വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരമുള്ള പട്ടിക II, 189ും

199ും ചട്ടങ്ങൾ പ്രകാരമുള്ള പട്ടിക III എന്നിവ അടിസ്ഥാനമാക്കി വ്യക്തികളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ 4200/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് മേൽവിലാസം | ലൈസൻസ് നം. | കുതിരശക്തി\ വിറ്റുവരവ് | ഫീസ് ഈടാക്കിയത് \ രസീത് നം | ഫീസ് ഈടാക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | അനൂപ് കെ എ കളവംപാറവീട് ഇടയകുന്നം തെ.ചിറ്റൂർ | 31 | 3000/- | 50/7443 /13.02.15 | 100 | 50 |
| 2 | പി ജി സുരേന്ദ്രൻ നായർ സാകേതം സൗത്ത് ചിറ്റൂർ | 53 | 40HP | 300/7793 /20.02.15 | 400 | 100 |
| 3 | വി വി വിനയകുമാർ സരോവരം സൗത്ത് ചിറ്റൂർ | 54 | 40HP | 300/7796, 97, 98 / 20.02.15 | 400 | 100 |
| 4 | പി എം ശങ്കരൻ 5/39 , അമ്പലക്കടവ് ചേരനല്ലൂർ | 89 | 100000/- | 200/8330 /25.02.15 | 2000 | 1,800 |
| 5 | പി.എം.ശങ്കരൻ 5/39,അമ്പലക്കടവ് ചേരനല്ലൂർ | 90 | 100000/- | 200/8330 /25.02.15 | 2000 | 1,800 |
| 6 | ഷെല്ലി മാർട്ടിൻ പാലപ്പറമ്പിൽ ഹൗസ് | 124 | 15HP | 100/8630 /27.02.15 | 200 | 100 |
| 7 | വി എ ബെന്നി വലിയപറമ്പിൽ വീട് തെ.ചിറ്റൂർ | 153 | 8000/- | 50/8805 /28.02.15 | 200 | 150 |
| 8 | ജി.കെ.ഹരിട/oകേശവൻ നമ്പൂതിരി, ശ്രേയസ്സ് പള്ളിക്കാവ് ബൈലയിൻ, വടുതല | 198 | 6000/- | 100/0183 /07.04.15 | 200 | 100 |
| | ആകെ | | | | | 4,200 |

ഈ തുക ബന്ധപ്പെട്ടവരിൽ നിന്നോ , സെക്രട്ടറിയിൽ നിന്നോ ഈടാക്കി പഞ്ചായത്തിൽ അടക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ചട്ടപ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പേര് | അർദ്ധവർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തുക തുക\ രസീത് നം | അടയ്ക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ചിഞ്ജുമോൾ സണ്ണി , ആസ്റ്റർ മെഡിസിറ്റി | ഒന്നാം അർദ്ധവർഷം | 31871 | 180/1150030042 /00008,1150030039 /00009/31.08.15 | 300 | 120 |
| 2 | ദീപാ ജോസഫ് , ആസ്റ്റർ മെഡിസിറ്റി | ഒന്നാം അർദ്ധവർഷം | 61814 | 500/1150030042 /00008,1150030039 /00009/31.08.15 | 600 | 100 |
| 3 | ദേവികാ ഗോപി, ആസ്റ്റർ മെഡിസിറ്റി | ഒന്നാം അർദ്ധവർഷം | 54000 | 300/1150030042 /00008,1150030039 /00009/31.08.15 | 450 | 150 |
| 4 | ജയാ സേവ്യർ, ആസ്റ്റർ മെഡിസിറ്റി | ഒന്നാം അർദ്ധവർഷം | 38970 | 120/1150030042 /00008,1150030039 /00009/31.08.15 | 300 | 180 |
| 5 | മേരി സ്റ്റെഫി അഗസ്റ്റിൻ, ആസ്റ്റർ മെഡിസിറ്റി | ഒന്നാം അർദ്ധവർഷം | 39226 | 180/1150030042 /00008,1150030039 /00009/31.08.15 | 300 | 120 |
| 6 | നിത്യ ജോയി, ആസ്റ്റർ മെഡിസിറ്റി | ഒന്നാം അർദ്ധവർഷം | 34000 | 180/1150030042 /00008,1150030039 /00009/31.08.15 | 300 | 120 |
| 7 | സബീർ ബഷീർ, ആസ്റ്റർ മെഡിസിറ്റി | ഒന്നാം അർദ്ധവർഷം | 70400 | 450/1150030042 /00008,1150030039 /00009/31.08.15 | 600 | 150 |
| 8 | ടൈറ്റസ് കെ വി, ആസ്റ്റർ മെഡിസിറ്റി | ഒന്നാം അർദ്ധവർഷം | 60919 | 450/1150030042 /00008,1150030039 /00009/31.08.15 | 600 | 150 |
| 9 | സോൺ സൈമൺ , ആസ്റ്റർ മെഡിസിറ്റി | ഒന്നാം അർദ്ധവർഷം | 83436 | 600/1150030042 /00008,/1150030039 /00009/31.08.15 | 750 | 150 |
| | ആകെ | | | | | 1240 |

നിയമാനുസൃതമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കാത്തത്

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക-1

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം | അർദ്ധവർഷം |
|---|---|---|---|
| 1 | റിലാൻസ് ജെ 10 | 11 | ഒന്നാം അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും |

| | | | |
|---|---|---|---|
| 2 | സോമ എന്റർപ്രൈസസ് | 15 | രണ്ടാം അർദ്ധവർഷം |
| 3 | ചിറ്റൂർ കൊട്ടാരം | 17 | ഒന്നാം അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും |
| 4 | ഡ്രൈവ് ഇൻഡ്യ എന്റർപ്രൈസസ് | 21 | രണ്ടാം അർദ്ധവർഷം |
| 5 | സെന്റ് മേരീസ് നഴ്സിംഗ് ഹോം | 22 | ഒന്നാം അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും |
| 6 | ബി എസ് എൻ എൽ | 35 | രണ്ടാം അർദ്ധവർഷം |
| 7 | പോസ്റ്റ് ഓഫീസ് ചേരാനല്ലൂർ | 37 | ഒന്നാം അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും |
| 8 | പർപ്പിൾ ഏജൻസീസ് | 40 | ഒന്നാം അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും |
| 9 | ശ്രീ സായി എന്റർപ്രൈസസ് | 48 | രണ്ടാം അർദ്ധവർഷം |
| 10 | എൻജേസ് എൻജിനീറിങ് | 51 | ഒന്നാം അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും |
| 11 | ദി കേരള കാർസ് പ്രൈവറ്റ് ലിമിറ്റഡ് | 53 | രണ്ടാം അർദ്ധവർഷം |
| 12 | കൊച്ചിൻ സെക്യൂരിറ്റി പ്രെസ്സ് | 58 | രണ്ടാം അർദ്ധവർഷം |
| 13 | NARE വാട്ടർ ട്രീറ്റ്മന്റ് | 65 | ഒന്നാം അർദ്ധവർഷം |
| 14 | വോക്സ് വാഗൺ | 66 | ഒന്നാം അർദ്ധവർഷം |
| 15 | എസ് ബി റ്റി, ആസ്റ്റർ മെഡിസിറ്റി | 67 | ഒന്നാം അർദ്ധവർഷം |

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

പട്ടിക-2

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | എസ് ബി റ്റി ചിറ്റൂർ | ഒന്നാം അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും |
| 2 | എസ് ബി റ്റി ചേരാനെല്ലൂർ | ഒന്നാം അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും |
| 3 | ഫെഡറൽ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 4 | ധനലക്ഷ്മി ബാങ്ക് | ഒന്നാം അർദ്ധവർഷം |

മേൽപ്പറഞ്ഞ പട്ടിക 1ലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും, പട്ടിക 2 ലെ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിട നികുതി ഈടാക്കിയതിലെ അപാകത

(എ) 16/12/15 ലെ സ.ഉ(എം എസ്)നം. 358/15/തസ്വഭവ. ഉത്തരവ് പ്രകാരം 60 ചതുരശ്ര

മീറ്റർ വരെ വിസ്തീർണമുള്ള എല്ലാ വാസഗൃഹങ്ങളെയും 2015-16 സാമ്പത്തികവർഷം മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് ഒരു കുടുംബത്തിലെ കുടുംബനാഥൻ / കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു പഞ്ചവർഷ അസ്സസ്മെൻറ് കാലയളവിലേയ്ക്ക് ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടതുമാണ്.ശ്രീ ബോബൻ എ എ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ 250B,250C,250D എന്നിങ്ങനെ മൂന്ന് കെട്ടിടങ്ങൾ ഉണ്ട്. മേൽ ഉത്തരവ് പ്രകാരം ഇദ്ദേഹത്തിന്റെ ഒരു കെട്ടിടത്തിനെ മാത്രമാണ് നികുതിയിൽ നിന്നും ഒഴിവാക്കാവുന്നത് മറ്റ് കെട്ടിടങ്ങളായ 250C,250D എന്നിവയുടെ വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരം മേല്പറഞ്ഞ കെട്ടിടങ്ങൾക്ക് ആകെ പ്ലിന്ത് ഏരിയ 161.02 സ്ക്വയർ മീറ്റർ ഉണ്ട് എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്ലിൻത് ഏരിയ 126 സ്ക്വയർ മീറ്ററായി കണക്കാക്കി മാത്രമാണ് കെട്ടിട നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഈ അപാകതകൾ പരിശോധിച്ച് കെട്ടിടനികുതി പുനർ നിർണയിച്ച് നഷ്ടം ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

(ബി) താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തൃതിക്കനുസൃതമായി വസ്തു നികുതി ഈടാക്കിയിട്ടില്ല.വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ | കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണം (കംപ്ലീഷൻ പ്ലാൻ പ്രകാരം) | നികുതി കണക്കാക്കിയ വിസ്തീർണം | വ്യത്യാസം | കുറവ് |
|---|---|---|---|---|---|---|---|
| 1 | 11 | 399A | ജോർജ്, മാരക്കംവീട്ടിൽ | 119.59 $M^2$ | 65.17$M^2$ | 54.42$M^2$ | 326.52 |
| 2 | 17 | 552/A | ഷാജി വർഗീസ്, വാര്യത്ത് | 38.22 $M^2$ | 31.48$M^2$ | 6.74$M^2$ | 40.44 |
| | | | | ആകെ തുക | | | 366.96 |

കുറവായ തുക കുടിശ്ശികയുൾപ്പെടെ ഈടാക്കേണ്ടതാണ്.

## 2-5 സ്വകാര്യ മാർക്കറ്റിന് ലൈസൻസ് നൽകിയിട്ടില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടെയും സ്വകാര്യമാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടം 10 പ്രകാരം സ്വകാര്യമാർക്കറ്റുകൾക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കേണ്ടതാണ്. പഞ്ചായത്തിലെ വിഷ്ണുപുരത്ത് പുതുതായി പ്രവർത്തിക്കുന്ന സ്വകാര്യ മാർക്കറ്റിന് നിയമാനുസൃത ഫീസ് ഈടാക്കി ലൈസൻസ് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഓടുകൾ നഷ്ടപ്പെട്ടത് - വില ഈടാക്കേണം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പഞ്ചായത്ത് ബിൽഡിംഗ് മോടി പിടിപ്പിക്കൽ |
| പ്രൊ.നമ്പർ | എസ് 087/15,എസ്.078/16 |
| അടങ്കൽ തുക | 5,00,000/- |

| | |
|---|---|
| കൺവീനറുടെ പേര് | ശ്രീ.പി.എ. പോൾ |
| എഗ്രിമെന്റ് നമ്പർ- തീയതി | 42/AE/LSGD/CHR/14-15 |
| എഗ്രിമെന്റ് തുക | 5,00,000 |
| എം- ബുക്ക് നമ്പർ | 17/15-16 |
| കൺവീനർക്ക് നല്കിയ തുക | 3,20,395/-(DD.No.538723Dtd.17.12.15 ) |

ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിൽ ചിറ്റൂർ ഫെറിക്ക് സമീപമുള്ള പഞ്ചായത്ത് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയുടെ ഭാഗമായി പഴയകെട്ടിടംപൊളിച്ച വകയിൽ Item No. 2 Dismantelling and Removing Mangalore Tiles എന്ന പ്രവൃത്തിയിനം 30.24 m2 ചെയ്തിട്ടുണ്ട്. ഇതുപ്രകാരം പൊളിച്ചുനീക്കിയ 400 ഓടുകൾ 25.11.2015-ൽ അസിസ്റ്റന്റ് എൻജിനീയർ ചേരാനെല്ലൂർ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്, എന്ന് അസിസ്റ്റന്റ് എൻജിനീയർ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വേളയിൽ ടി. സ്ഥലത്ത് നടത്തിയ പരിശോധനയിൽ ഓടുകൾ കണ്ടെത്താനായില്ല.ആയത് ലേലം ചെയ്ത് കൊടുത്തിട്ടുണ്ടോ, അല്ലെങ്കിൽ മറ്റേതെങ്കിലും പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ മേൽപ്പറഞ്ഞ ഓടുകൾ കണ്ടെത്തി തുടർ നടപടി സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. സെക്രട്ടറി കൈപ്പറ്റിയ ഓടുകൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പോലീസിൽ അറിയിച്ച് മേൽനടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. ഇതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ മേല്പ്പറഞ്ഞ നഷ്ടപ്പെട്ട ഓടിന്റെ നിലവിലെ മാർക്കറ്റ് വില കണക്കാക്കി സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-7 ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കാത്തത്

ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിലെ സർവ്വേ നമ്പർ 53/33 പി സ്ഥലത്ത് കെട്ടിടം പണിയുന്നതിന് സ്ഥലം ഉടമയായ ശ്രീമതി.ആരിഫ മുഹമ്മദിന് അനുമതി പഞ്ചായത്ത് നൽകിയിട്ടുണ്ട് ( പെർമിറ്റ് നം.സി4/4606/5 തീയതി.30.11.2015). എന്നാൽ മേല്പറഞ്ഞ സ്ഥലത്ത് പഞ്ചായത്തിൽ നിന്നും ഡെവലപ്പ്മെന്റ് പെർമിറ്റ് എടുക്കാതെ ഏകദേശം 2 മീറ്റർ കനത്തിൽ മണ്ണിട്ട് നികത്തയിട്ടുള്ളതായും , ഡെവലപ്പ്മെന്റ് പെർമിറ്റ് എടുക്കുന്നത് വരെ നിർമ്മാണ പ്രവർത്തികൾ നിർത്തി വെയ്ക്കണമെന്നും സെക്രട്ടറി 11.05.2016 ൽ ഇയാൾക്ക് നൽകിയ സി4/4606/15 നമ്പർ കത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രവർത്തി നടത്തുന്നതിന് ചട്ടപ്രകാരം ഈടാക്കേണ്ട ലാൻഡ് ഡെവലപ്പ്മെന്റ് ഫീസ് നാളിതു വരെ ഈടാക്കിയിട്ടില്ല. മേൽ പ്രവർത്തിക്ക് നിയമാനുസൃതമായ ലാൻഡ് ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-9 ലേല രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2015-16സാമ്പത്തിക വർഷത്തിൽ നടന്ന വിവിധ ലേലങ്ങളുടെ നിരതദ്രവ്യം, ഗഡുക്കളായി അടക്കേണ്ട ലേല തുക എന്നിവ പഞ്ചായത്തിൽ അടച്ചതിന്റെ വിവരങ്ങളടങ്ങിയ ലേല രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലേല ഗഡുക്കൾ യഥാസമയം അടക്കുന്നതിന്റെ വിവരങ്ങളും , അടവ് വൈകിയാൽ ചുമത്തേണ്ട പലിശയുടെ വിവരങ്ങളും പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. ലേലത്തിന്റെ വിവരങ്ങളടങ്ങിയ ലേല രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തുക ചെലവഴിച്ചതിന്റെ രേഖകളില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്റ്റിന്റ് പേര് | കോഴി വിതരണം - ജനറൽ | |
| പ്രോജക്റ്റ് നമ്പർ | 04 / 2015-16 | |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | |
| അടങ്കൽ (എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | പ്ലാൻ ഫണ്ട് - 50000/- | |
| | ഗുണഭോക്തൃ വിഹിതം - 40000/- | |
| | തനതു ഫണ്ട് - 15,000/- | |
| ചെലവ് തുകയുടെ വിവരങ്ങൾ | ₹.50000/- (ഡി.ഡി നം. 540642 തീ.22.01.16) | |
| | ₹.40000/- (ഡി.ഡി നം. 489074 തീ. 18.01.16) | |

പ്രോജക്ടിൽ ഒരാൾക്ക് 10 വീതം 100 ഗുണഭോക്താക്കൾക്ക് കോഴിക്കുഞ്ഞുങ്ങളെ കൊടുത്തിട്ടുണ്ട്. ഒരു കോഴിക്കുഞ്ഞിന് 90 രൂപ നിരക്കിൽ 1000 എണ്ണത്തിന് 90,000 രൂപയാണ് ഈ പദ്ധതിക്ക് ആകെ ചെലവായിട്ടുള്ളത് ഈ തുക മേല്പറഞ്ഞിരിക്കുന്ന ഡി.ഡി നമ്പറുകൾ പ്രകാരം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത ശ്രീ.ഷാജു പി.ടി., നാലാം മൈൽ, എരുമത്തല (പി.ഒ), ആലുവ – 683112 എന്നയാൾക്ക് നല്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്ന് 026119 നമ്പർ ചെക്ക് (തീയതി : 06.01.2016) പ്രകാരം വെറ്ററിനറി സർജന്റെ പേരിൽ ലഭിച്ച തനത് ഫണ്ടിൽ നിന്നുള്ള 15,000/- രൂപ വെറ്ററിനറി സർജന്റെ പ്രോജ്കട് രജിസ്റ്ററിൽ വരവ് വന്നിട്ടില്ല. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും 18.01.2016ൽ പിൻവലിച്ചിട്ടുണ്ട്. ഈ തുക പദ്ധതിക്കായി ചെലവഴിച്ചതിന്റെ രേഖകളുമില്ല. ആയതിനാൽ മേൽപ്പറഞ്ഞ 15,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ഗുണഭോക്തൃസമിതി പ്രവൃത്തി - അധിക നിരക്ക് നല്കി

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ചിറ്റൂർ ഫെറിയിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ടോയ്ലറ്റ് പുതുക്കിപ്പണിയൽ |
| പ്രോജക്റ്റ് നമ്പർ | എസ് 079/16 |
| കൺവീനറുടെ പേര് | ശ്രീ. ജോസഫ് സോബിൻ |
| ആകെ അടങ്കൽ | 1,50,000/-- |
| അളവ് പുസ്തകം നമ്പർ | 18/15-16; 18A /15-16 |
| കൺവീനർക്ക് ആകെ നല്കിയ തുക | 69,059/- |
| ചെലവ് വിവരങ്ങൾ | തനത് ഫണ്ട് -69,059/-<br>ചെക്ക് നം. 0780016 തീയതി 26.112015 |

"ചിറ്റൂർ ഫെറിയിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ടോയ് ലറ്റ് പുതുക്കിപ്പണിയൽ"

എന്ന പ്രൊജക്ട് ഗുണഭോക്തൃസമിതിയാണ് ചെയ്തത്. എന്നാൽ താഴെപ്പറയുന്ന ഇനങ്ങളിൽ 10% കരാറുകാരന്റെ ലാഭം ഉൾപ്പെടെയുള്ള നിരക്കാണ് നല്കിയിരിക്കുന്നത്.

| ഇനം നം. | പ്രവൃത്തിയിനം | ചെയ്ത അളവ് | നല്കിയിരിക്കുന്ന നിരക്ക് | നല്കാവുന്ന നിരക്ക് | അധികം നല്കിയത് |
|---|---|---|---|---|---|
| 6 | Flooring with ceramic floor tiles in 12mm cement mortar 1:3 | 4.128m2 | @841.00/m2 4.128 x 841= 3472 | @732/m2 4.128 x 732= 3022 | @109/m2 450/- |
| 7 | Dadoing wall tiles with best glazed tiles7.5mm thick in 12mm C.M 1:3 | 19m2 | @1409/m2 19m2x 1409= 26,771 | 1226/m2 19m2 x 1226= 23,294 | @183/m2 3477/- |
| | ആകെ അധികം നല്കിയത് | | | | 3927/- |

മേല്പ്പറഞ്ഞ പ്രകാരം അധികനിരക്ക് നല്കിയത് കൺവീനറിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

# 3-3 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | LED സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ |
| പ്രോജക്ട് നമ്പർ | S 011/2016 |
| അടങ്കൽ | 432600/- വികസന ഫണ്ട് (ധന.കമ്മീഷൻ ഗ്രാൻറ്) |
| ചെലവ് | 430540/- |
| ബിൽ നം. തീയതി | 576/ 2015-16 തീ.30/01/2016 |
| നിർവ്വഹണം | സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത്. |

LED സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ എന്ന ഈ പ്രോജക്ടിനായി കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽനിന്നും 4180/- രൂപ നിരക്കിൽ 103 ലാമ്പുകൾ 430540/- രൂപയ്ക്ക് വാങ്ങി. ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മാനേജർ യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നല്കിയ 09/12/15 ലെ സി.3-675/2015 നം കത്തിൽ AMC ഉൾപ്പടെയുള്ള നിരക്ക് പ്രകാരം LED സ്ട്രീറ്റ് ലൈറ്റ് സപ്ലൈ ചെയ്യുവാൻ ആവശ്യപെട്ടതനുസരിച്ച് പഞ്ചായത്ത് ടി സ്ഥാപനവുമായി 22.01.2015 ൽ കരാർ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അതിൽ AMC സംബന്ധിച്ച് യാതൊരു പരാമർശവും ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നല്കിയ മറുപടിയിൽ LED സ്ട്രീറ്റ് ലൈറ്റുകൾ ഇതുവരെ സ്ഥാപിച്ചിട്ടില്ല എന്നറിയിക്കുകയാണുണ്ടായത്. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്

# 3-4(എ) ഗുണഭോക്തൃസമിതികളുടെ പ്രവൃത്തികൾ - അപാകതകൾ

ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗുണഭോക്തൃസമിതി വഴി ചെയ്യുന്ന പ്രവൃത്തികളാണ്. വികേന്ദ്രീകൃതാസൂത്രണപദ്ധതിയുടെ ആദ്യഘട്ടം മുതൽ ഗുണഭോക്തൃസമിതികൾ വഴി മരാമത്ത് പ്രവൃത്തികൾ നടത്താനുള്ള ശ്രമങ്ങൾ സർക്കാർ സജീവമാക്കിയി രുന്നതിന്റെ ഒരു പ്രധാനകാരണം പ്രാദേശികവികസനത്തിൽ പ്രദേശവാസികളുടെ പങ്കാളിത്തം, ഉറപ്പാക്കാനും, അധിക വിഭവ

സമാഹരണവും, സോഷ്യൽ മോണിറ്ററിങ്ങും, കാര്യക്ഷമമാക്കാനും അത് വഴിതെളിക്കും എന്നതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ്( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ഗുണഭോക്തൃസമിതി രൂപീകരണം സംബന്ധിച്ച് കാലാകാലങ്ങളിൽ ഇറങ്ങിയിട്ടുള്ള ഉത്തരവുകൾ, എന്നിവയിലൂടെ എപ്രകാരമാണ് ഗുണഭോക്തൃസമിതികൾ വഴി മരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിൽ, ഈ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നുണ്ട് എന്ന് പറയാനാവില്ല.

2015-16 വർഷത്തിൽ, ആകെ ചെയ്ത 70 മരാമത്ത് പ്രവൃത്തികളിൽ എല്ലാംതന്നെ ഗുണഭോക്തൃസമിതിവഴി ചെയ്തതാണ്. കോൺക്രീറ്റ് റോഡുകൾ, കാനനിർമ്മാണം, റോഡ് ടാറിംഗ്, റീടാറിംഗ്, റീടെയിനിംഗ് വാൾ, കെട്ടിടനിർമ്മാണങ്ങൾ എന്നിവയാണ് തൻവർഷവും, സ്പിൽഓവറുമായി പ്രധാനമായി ഈ കാലയളവിൽ ചെയ്തിട്ടുള്ളത്.

അവയുടെ നിർവ്വഹണത്തിൽ കണ്ട പ്രധാനഅപാകതകൾ താഴെപ്പറയുന്നു:-

1. 1997-ലെ കേരള പഞ്ചായത്ത് രാജ്( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം,13-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം, സമിതി രൂപീകരണം, പ്രവർത്തനം, സമിതി സൂക്ഷിക്കേണ്ടുന്ന രേഖകൾ എന്നിവ കൃത്യമായി പാലിക്കുന്നില്ല.

2. ഗുണഭോക്തൃസമിതി, കരാർ വെയ്ക്കുന്നുണ്ടെങ്കിലും, അത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. സമിതി അംഗങ്ങൾ എല്ലാവരും കരാറിൽ ഒപ്പുവെയ്ക്കുന്നതായി കാണുന്നില്ല.

3. കൺവീനറുടെയും, ചെയർമാന്റെയും, സംയുക്ത അക്കൗണ്ട് തുടങ്ങി വേണം പണമിടപാടുകൾ നടത്താൻ എന്ന നിർദ്ദേശവും കൃത്യമായി പാലിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടതിനുശേഷം, ജോയിന്റ് അക്കൗണ്ട് ക്ലോസ് ചെയ്ത് , അക്കൗണ്ടിൽ ബാക്കി തുക ഉണ്ടെങ്കിൽ അത് പിൻവലിച്ച് പഞ്ചായത്തിൽ തിരിച്ചടയ്ക്കേണ്ടതുമാണ്.

4. പ്രവൃത്തിക്കാവശ്യമായ നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകളും, വിവരങ്ങളും രേഖപ്പെടുത്തിയതിലും, കൃത്യത പാലിച്ചിട്ടില്ല. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രവൃത്തിഇനം ചെയ്തതിന് ആവശ്യമായി വരുന്ന മെറ്റീരിയൽസിന്റെ അളവും, കൺവീനർ ഫയലിനൊപ്പം ഇട്ടിരിക്കുന്ന പർച്ചേയ്സ് ബില്ലുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. ടാറിംഗ്-റീടാറിംഗ് വേലകളിൽ ഫയലുകൾക്കൊപ്പം ഒറിജിനൽ ബിറ്റുമെൻ പർച്ചേയ്സ് ബില്ലുകൾക്കു പകരം ഒരു കൈപ്പറ്റുരസീത് മാത്രമേ കാണുന്നുള്ളൂ. ഉദാഹരണമായി ഖണ്ഡിക 3-4(ബി) കാണുക.

6. സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തികളിൽ നിന്നായാലും, സ്ഥാപനങ്ങളിൽ നിന്നായാലും സാധനങ്ങളുടെ നിരക്ക്, അളവ്, മൊത്തം വില, തീയതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ല് , രസീത് എന്നിവ നിർബന്ധമായി ഉണ്ടായിരിക്കേണ്ടതാണ്, എന്ന വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

7. മസ്റ്റർ റോളുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തൊഴിലാളികൾ തീയതി വെച്ച് ഒപ്പിടണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല അത്തരം മസ്റ്റർ റോളുകൾ അസാധുവായി പരിഗണിച്ച് , വൗച്ചറുകളായി കണക്കാക്കാൻ പാടില്ല എന്ന നിർദ്ദേശം കർശനമായി പാലിക്കണം.

8. നിലവിൽ 15,00,000/- രൂപ വരെ അടങ്കലുള്ള പ്രവൃത്തികൾ ഗുണഭോക്തൃസമിതികൾക്ക് ഏറ്റെടുക്കാമെങ്കിലും, 'ടാറിംഗ്-റീടാറിംഗ്, പോലെ സാങ്കേതിക വൈഭവവും, യന്ത്രസാമഗ്രികൾ ആവശ്യമായി വരുന്ന വേലകളും, കെട്ടിടനിർമ്മാണങ്ങളും ഏറ്റെടുക്കേണ്ടി വരുമ്പോൾ, അതിനുള്ള ക്ഷമത പ്രസ്തുതഗുണഭോക്തൃസമിതികൾക്ക് ഉണ്ടോ എന്നത് നിർവ്വഹണഉദ്യോഗസ്ഥരും, ഗ്രാമ പഞ്ചായത്ത് സമിതിയും പ്രത്യേകം പരിഗണിക്കേണ്ടത് പ്രവൃത്തികൾ യഥാർത്ഥ ഗുണഭോക്തൃസമിതി തന്നെയാണ് ചെയ്യുന്നത് എന്ന് ഉറപ്പുവരുത്താനുതകും.

23.09.1997 -ന്റെ 216/97/LAD 12.11.1997 -ന്റെ 254/97/LAD നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള പൊതുമരാമത്ത് ചട്ടങ്ങളിലെ 15(5) വകുപ്പ് പ്രകാരം ബിനാമി ഇടപാട് ശിക്ഷാർഹമായ കുറ്റമാണ്. ബിനാമി ഇടപാട് ഉണ്ടാവുകയാണെങ്കിൽ ഗുണഭോക്തൃസമിതിയുമായി വെച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു ഏജൻസി വഴി പ്രവൃത്തി പൂർത്തീകരിക്കപ്പെടുന്നതും, പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് സമിതിയുടെ പേരിൽ ശിക്ഷാനടപടികൾ എടുക്കാവുന്നതുമാണ്.

ആയതിനാൽ, ഗുണഭോക്തൃസമിതി ഏറ്റെടുക്കുന്ന പ്രവൃത്തി പൂർണ്ണമായോ, ഭാഗികമായോ ഏതെങ്കിലും കരാറുകാരനെയോ, കരാറുകാരുടെ കമ്പനിയെയോ ഏൽപ്പിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-4(ബി) ഗുണഭോക്തൃസമിതികളുടെ പ്രവൃത്തികൾ - ഉപയോഗിച്ച സാമഗ്രികളുടെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പണ്ഡിറ്റ് കറുപ്പൻ സ്മാരക റോഡ് – കാന , കവർ സ്ലാബ് |
| പ്രൊ.നമ്പർ | എസ് 101/16 |
| അടങ്കൽ തുക | 2,20,000/- |
| കൺവീനറുടെ പേര് | ശ്രീ.ജയിംസ് ടി.ജെ |
| എഗ്രിമെന്റ് നമ്പർ- തീയതി | 85/AE/LSGD/CHR/14-15 21.03.2015 |
| എഗ്രിമെന്റ് തുക | 2,20,000 |
| എം- ബുക്ക് നമ്പർ | 14/15-16 |
| കൺവീനർക്ക് നല്കിയ തുക | 2,11,854/-(DD.No.538686Dtd.17.12.15 ) |

2014-15-ൽ കരാർ വെച്ച് കാന നിർമ്മാണവും, കാനയ്ക്ക് കവർസ്ലാബിടലും എന്ന ഈ പ്രവൃത്തി ഗുണഭോക്തൃസമിതിയാണ് ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ഉപയോഗിച്ച സിമന്റിന്റെ അളവ് താഴെപ്പറയുന്നു.

| ഇനം നം. | പ്രവൃത്തിയിനം | ആകെ അളവ് | സിമന്റിന്റെ ഉപയോഗനിരക്ക് | ഉപയോഗിച്ച സിമന്റിന്റെ അളവ് |
|---|---|---|---|---|
| 4 | RCC 1:2:4 Using 20mm b/s | 7350 dm3 | 3.3 kg/10dm3 | 7350 x 3.3/10= 2426 kg |
| 2 | CC 1:4:8 Using 40mm b/s | 6.30 m3 | 171kg/m3 | 6.3 x 171= 1078kg |
| 3 | CC 1:3:6 Using graded metal | 13.650 m3 | 60%(228kg/m3+ 40% (2.16kg/10dm3) | (13.650 x 228)x 60% + (13650 x 2.16/10) x 40% = 3047 kg |
| 6 | Plastering with CM 1:3 9mm | 132m2 | 43 kg/10m2 | 132 x 43/10=568kg |
| | | | ആകെ | 7119 kg |

എന്നാൽ , ഫൈനൽ ബില്ലിനൊപ്പം സമർപ്പിച്ച സിമന്റിന്റെ പർച്ചേയസ് ഇൻവോയ്സുകൾ പ്രകാരം ആകെ വാങ്ങിയത് 4750 kg (95 Bag) സിമന്റ് മാത്രമാണ്.

| ഇൻവോയ്സ് നം./തീയതി | വാങ്ങിയ സിമന്റിന്റെ അളവ് |
|---|---|
| 229/ 25.4.15 | 30 Bag |

| | |
|---|---|
| 247/5.8.15 | 10 |
| 239/31.7.15 | 5 |
| 235/29.7.15 | 10 |
| 231/27.7.15 | 10 |
| 196/7.7.15 | 30 |
| ആകെ | 95 Bag |

ആകെ വാങ്ങിയ സിമന്റിന്റെ അളവ് 95 x50 kg=4750 kg മാത്രമാണെന്നിരിക്കെ 7119 kg സിമന്റ് വേണ്ട പ്രവൃത്തി എങ്ങനെ ചെയ്തു എന്ന് വ്യക്തമല്ല. കൂടാതെ അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരവും, തൊഴിലാളികളുടെ മസ്ററർ റോളുകൾ പ്രകാരവും 18.05.15 മുതൽ 10.06.15 വരെയുള്ള കാലയളവിലാണ് ഈ പ്രവൃത്തികൾ നടന്നിട്ടുള്ളത്. എന്നാൽ സിമന്റിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടുള്ളത് ഒരെണ്ണമൊഴിച്ച് 7/2015-ലെയും 8/2015-ലെയുമാണ്. മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്, എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ ബില്ലുകളുടെ കൃത്യത ഉറപ്പാക്കാനായില്ല, എങ്കിലും പ്രവൃത്തിയുടെ ഗുണമേന്മ ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി ചെയ്യുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന സാമഗ്രികളുടെ കൃത്യമായ ബില്ലുകൾ ഹാജരാക്കുന്നുണ്ടെന്നും,, ഗുണമേന്മയും ഉറപ്പുവരുത്തുവാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ഹോമിയോ ഡിസ്പെൻസറിക്ക് വേണ്ടി നിർമ്മിച്ച കെട്ടിടം ഉപയോഗിക്കുന്നില്ല- പദ്ധതി ആസൂത്രണത്തിലെ അപാകത

ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിൽ XII-ാം വാർഡിൽ ചിറ്റൂർ ഫെറിക്ക് സമീപം നിലവിലുള്ള കെട്ടിടത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി ഇപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഹോമിയോ ഡിസ്പെൻസറി അങ്ങോട്ട് മാറ്റി സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് "പഞ്ചായത്ത് കെട്ടിടത്തിൽ മോടിപിടിപ്പിക്കുക" (പ്രൊ.നം.എസ് 078/16) എന്ന പദ്ധതിക്ക് 2015-16 -ൽ അംഗീകാരം വാങ്ങിയത്. നിലവിൽ 22.88m2 വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പൊട്ടിയ ഭിത്തി പൊളിച്ച് പുതിയ ഭിത്തി ഉൾപ്പെടെ പ്ലാസ്റ്ററിംഗ് നടത്തുകയും, നിലവിലുള്ള ഓടുകൾ മാറ്റി അലുമിനിയം ഷീറ്റ് മേൽക്കൂരയാക്കുകയും, ടൈൽഡ് ഫ്ലോറിംഗ്, അലുമിനിയം പാർട്ടീഷനിംഗ് ,പെയിന്റിംഗ് എന്നിവയും ആയിരുന്ന എസ്ററിമേറ്റ് പ്രകാരം 5,00,000/- രൂപ അടങ്കലിന് സാങ്കേതികാനുമതി വാങ്ങിയ പ്രവൃത്തികൾ. 21.03.2015-ന് ഗുണഭോക്തൃ സമിതിയുമായി കരാർ വെച്ച് ആരംഭിച്ച പ്രവൃത്തികൾ 17.10.2015 ന് പൂർത്തീകരിക്കുകയും, ആകെ പ്രവൃത്തിമൂല്യമായ 3,26,934/- രൂപയിൽ നിയമാനുസൃത കുറവുകൾ കിഴിച്ച് 3,20,395/- രൂപ ഗുണഭോക്തൃസമിതി കൺവീനർ ശ്രീ. പോൾ.പി.എ.-യ്ക്ക് നല്കുകയും ചെയ്തു. ചെലവ് വിവരം താഴെപ്പറയുന്നു:-

| | |
|---|---|
| കൺവീനർക്ക് നല്കിയ തുക | 3.20,395/- |
| ചെക്ക് നമ്പർ / തീയതി | 0780021/ 04.12.2015 (VPFA - I) |

18.10.2015-ൽ കെട്ടിടം പണി പൂർത്തീകരിച്ചതായി മോണിറ്ററിംഗ് സമിതി റിപ്പോർട്ടിലും, അളവുപുസ്തകത്തിലും രേഖപ്പെടുത്തുകയും, ഫൈനൽ ബിൽ തുക ഗുണഭോക്തൃസമിതി കൺവീനർക്ക് 04.12.2015-ൽ നല്കുകയും ചെയ്തിട്ടും മേല്പറഞ്ഞ കെട്ടിടത്തിലേക്ക് ഓഡിറ്റ് തീയതി വരെ ഹോമിയോ ആശുപത്രി മാറ്റിസ്ഥാപിക്കപ്പെട്ടിട്ടില്ല.

ഓഡിറ്റ് വേളയിൽ ഈ കെട്ടിടം പരിശോധിച്ചപ്പോൾ കെട്ടിടംപണി എസ്റ്ററിമേറ്റ് പ്രകാരം തന്നെ പൂർത്തീകരിക്കുകയും, പ്ലംബിംഗ് ഉൾപ്പെടെ നടത്തി, ഒരു ഡിസ്പെൻസറിക്ക് വേണ്ട രീതിയിൽ പാർട്ടീഷനിംഗ് നടത്തി സജ്ജീകരിച്ചിരിക്കുന്നത് ബോധ്യപ്പെടുകയും ചെയ്തു. 2015-16 വർഷം തന്നെ "പ്രൊജക്ട് നമ്പർ. 148/16 ഹോമിയോ ഡിസ്പെൻസറി വൈദ്യുതീകരണം" എന്ന പ്രൊജക്ട്പ്രകാരം 42,407/- രൂപ ചെലവഴിച്ച് ഈ കെട്ടിടത്തിൽ ഫാൻ, ലൈറ്റുകൾ എന്നിവ സ്ഥാപിക്കുകയും,ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ 19.12.15 -ന് പൂർത്തീകരിക്കുകയും, കരാറുകാരനായ ലോറൻസ് തെബോഷ്യസ് എന്നയാൾക്ക് ഫൈനൽ ബിൽതുക നല്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം 3,62,802/- രൂപ ചെലവഴിച്ച് സജ്ജീകരിച്ചിരിക്കുന്ന ഈ കെട്ടിടത്തിലേക്ക് ഇപ്പോഴും വാടകക്കെട്ടിടത്തിൽ പ്രവൃത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറി മാറ്റി സ്ഥാപിക്കാനായില്ല എന്നത് ഒരു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാത്തതിനും, ആസൂത്രണത്തിലെ ദീർഘവീക്ഷണമില്ലായ്മക്കും ഉദാഹരണമാണ്. ആയതിനാൽ ഏറ്റവും അടിയന്തിരമായി ഈ പുതിയ കെട്ടിടത്തിലേക്ക് ഹോമിയോ ഡിസ്പെൻസറി മാറ്റിസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് എന്നത് പഞ്ചായത്ത് അധികൃതരുടെ സവിശേഷശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-6 പദ്ധതി ആസൂത്രണ - നിർവ്വഹണങ്ങളിൽ വീഴ്ച - വികസന ഫണ്ട് ചെലവാക്കാതെ പാഴായി.

ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തികവർഷം 5,24,13,627/-രൂപ മൊത്തം അടങ്കൽ വരുന്ന 150 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിക്കുകയും, അതിൽ 2, 67, 44,694/- രൂപ അടങ്കൽ വരുന്ന 77 പ്രൊജക്ടുകൾ പൂർണ്ണമായും, 13 പ്രൊജക്ടുകൾ ഭാഗികമായും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 60 പ്രൊജക്ടുകൾ നടപ്പാക്കാതെ മാറ്റിവെച്ചു. അതായത് വെറും 51.03% മാത്രമേ ചെലവായുള്ളൂ. പദ്ധതിച്ചെലവിന്റെ ഇനം തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു :-

| ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 1,09,57,699 | 74,25,553 | 68% |
| വികസനഫണ്ട് (എസ്.സി.പി) | 65,84,560 | 19,87,179 | 30.18% |
| വികസനഫണ്ട് (ടി.എസ്.പി) | 19,000 | 0 | 0% |
| ധനകാര്യക്കമ്മീഷൻ അവാർഡ് | 56,00,691 | 34,67,642 | 61.91% |
| കേന്ദ്രാവിഷ്കൃതഫണ്ട് | 8,48,000 | 2,85,606 | 33.68% |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 24,50,113 | 0 | 0% |
| തനത് ഫണ്ട് | 1,23,30,897 | 70,27,365 | 57% |
| ബ്ലോക്ക് പഞ്ചായത്ത് | 14,87,115 | 53,492 | 35.97% |
| ജില്ലാ പഞ്ചായത്ത് | 2,50,000 | 24,542 | 9.8% |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 42,42,034 | 36,46,409 | 85.96% |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 51,96,268 | 25,30,656 | 48.70% |
| മറ്റുള്ളവ | 24,47,250 | 2,96,250 | 12.11% |
| | 5,24,13,627 | 2,67,44,694 | 51.03% |

മേല്പറഞ്ഞ കണക്കുകൾ പരിശോധിക്കുമ്പോൾ ആകെ വകയിരുത്തിയതിലും, ചെലവഴിച്ചതിലും വികസനഫണ്ട് (ജനറൽ) കഴിഞ്ഞാൽ അടുത്ത സ്ഥാനത്ത് നിൽക്കുന്നത് തനത് ഫണ്ടാണെന്ന് കാണാം. സർക്കാർ ഗ്രാന്റുകളുടെ 2015-16-ലെ ആകെ വിനിയോഗം താഴെപ്പറയുന്നു.

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 20,86,215 | 56,45,582 | 77,31,797 | 77,31,797 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 33,95,560 | 12,87,240 | 46,82,800 | 19,87,179 | 26,95,621 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 16,58,034 | 9,48,581 | 26,06,615 | 26,06,615 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 23,28,268 | 12,42,182 | 35,70,450 | 35,70,450 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 14,87,691 | 49,29,912 | 64,17,603 | 34,67,642 | 29,49,961 | 0 |

ഈ പട്ടിക പരിശോധിച്ചാൽ വികസനഫണ്ട് (ജനറൽ) -ന്റെ ആകെച്ചെലവെന്ന് പറയുന്നത് 01.04.2015-ൽ ഈ ഫണ്ടിലെ മുന്നിരിപ്പം, 11.12.2015-ൽ എസ്.സി.പി, ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ ഇനങ്ങളിൽ ബാക്കിനിന്നിരുന്ന യഥാക്രമം 26,95,621/-, 29,49,961/-എന്നിവയുടെ ആകെ തുകയായ 56,45,582/- രൂപ വികസനഫണ്ട് (ജനറൽ) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുകയും, ഉൾപ്പെടെ 74,25,553/- രൂപയും, 31.03.2016-ൽ ഈ അക്കൗണ്ടിൽ ബാക്കി നിന്നിരുന്ന 3,06,244/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചതും കൂട്ടി 77,31,797/- രൂപ മാത്രമാണ്. അതേസമയം 19.05.2015 മുതൽ 31.03.2016 വരെ വികസനഫണ്ട്(ജനറൽ) ഇനത്തിൽ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച് ട്രഷറി കൺസോളിഡേറ്റഡ് അക്കൗണ്ടിൽ പഞ്ചായത്തിന് ചെലവഴിക്കാമായിരുന്ന 1,00,28,886/- രൂപയിൽ ഒരു രൂപ പോലും പഞ്ചായത്ത് തൻവർഷം ചെലവഴിച്ചില്ല എന്നത് അതീവ ഗൗരവത്തോടെ കാണേണ്ടതാണ്. ഇതേസ്ഥാനത്ത് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ആകെ നികുതി-നികുതിയേതര തനത് വരുമാനമായ 1,77,55,139/- രൂപയിൽ 70,27,365/ രൂപയും പദ്ധതിച്ചെലവിന് ഉപയോഗിച്ചു എന്നതും പ്രസ്താവ്യമാണ്. ഇതിൽതന്നെ വികസനഫണ്ട് ഉപയോഗിച്ച് നടപ്പാക്കാമായിരുന്ന കൃഷി പോലുള്ള ഉത്പാദനമേഖല പ്രൊജക്ടുകൾക്കും, റോഡ് പണി പോലുള്ള പശ്ചാത്തലമേഖല പ്രൊജക്ടുകൾക്കും വരെ കൺസോളിഡേറ്റഡ് ഫണ്ടിൽ ലക്ഷക്കണക്കിന് രൂപ ചെലവഴിക്കാതെ കിടക്കുമ്പോൾ തനത് ഫണ്ട് ചെലവഴിച്ചത് എന്തുകൊണ്ടെന്ന് പ്രത്യേകം അന്വേഷണവിധേയമാക്കേണ്ടതാണ്. അതേസമയം 2015-16-ൽ നടപ്പാക്കാതെ ഉപേക്ഷിച്ച പ്രൊജക്ടുകളിൽ പഞ്ചായത്തിന്റെ അനിവാര്യചുമതലകളായ പൊതുശ്മശാനം പുതിയ പ്ലാന്റ് സ്ഥാപിക്കൽ എന്നിവയും ഉൾപ്പെട്ടിട്ടുണ്ടെന്നത് പരാമർശനീയമാണ്. അതോടൊപ്പം നഗരകേന്ദ്രീകൃതപഞ്ചായത്തായ ചേരാനെല്ലൂരിലെ മാലിന്യസംസ്കരണത്തിന് തദ്ദേശീയപരിഹാരം കാണാനുള്ള പദ്ധതികൾ ഒന്നും തന്നെ വിഭാവനം ചെയ്തിട്ടില്ല എന്നതും, ലഭ്യമായിരുന്ന വികസനഫണ്ട് ഉൾപ്പെടെയുള്ള സാമ്പത്തിക സ്രോതസ്സുകൾ ഉത്പാദന-സേവന മേഖലകളിൽ ഉപയോഗിച്ചുകൊണ്ട്, തനത് ഫണ്ട് പഞ്ചായത്തിന്റെ അനിവാര്യച്ചുമതലകൾ നിർവ്വഹിക്കാൻ വിനിയോഗിക്കാമായിരുന്നു എന്ന വസ്തുതയും പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 ഐ.എ.വൈ ഭവന നിർമ്മാണം - പദ്ധതി പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഐ.എ.വൈ ഭവന നിർമ്മാണം |

| | |
|---|---|
| പ്രോജക്ട് നമ്പർ | 62 / 2016-17 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |

എ) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷം കരാർ വെച്ച് പണി ആരംഭിച്ച ഗുണഭോക്താക്കളിൽ ചിലർ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് , വിലാസം | ഗഡുക്കൾ നൽകിയതിന്റെ വിവരം | | | കരാർ ചമച്ച തീയതി | കരാർ പ്രകാരം നിർമ്മാണം പൂർത്തിയാ ക്കേണ്ട തീയതി |
|---|---|---|---|---|---|---|
| | | ഗഡു | ഡി.ഡി നമ്പർ/ തീയതി | തുക | | |
| 1 | സെൽമ താഹിർ , ഓളിപ്പറമ്പിൽ ഹൗസ് | 1 | 540341/ 16.1.16 | 20000 | 28.12.2016 | 31.03.2016 |
| | | 2 | 541065 / 30.1.16 | 60000 | | |
| | | 3 | 543916 / 15.3.16 | 60000 | | |
| | | 4 | 576278 / 30.3.16 | 40000 | | |
| | | | ആകെ | 1,80,000 | | |
| 2 | എലിസബത്ത് (സബേത്ത്) കണ്ണോത്ത് ഹൗസ് | 1 | 540344 / 16.1.16 | 20000 | 28.12.2016 | 31.03.2016 |
| | | 2 & 3 | 584546 / 15.10.16 | 1,20,000 | | |
| 3 | മോളി ആന്റണി , കളപ്പുരയ്ക്കൽ ഹൗസ് | 1 | 543011 / 01.3.16 | 20000 | 08.01.2016 | രേഖപ്പെടുത്തി യിട്ടില്ല |
| | | 2 | 543914 / 15.3.16 | 60000 | | |
| | | 3 | 576284 / 28.3.16 | 60000 | | |
| | | 4 | 584549 /14.10.16 | 40000 | | |
| 4 | നളിനി നടേശൻ , കാട്ടേൽ ഹൗസ് | 1 | 543917 / 15.3.16 | 20000 | 29.01.2016 | രേഖപ്പെടുത്തി യിട്ടില്ല |
| | | 2 | 576285 / 28.3.26 | 60000 | | |
| | | 3 | 584550 / 15.10.16 | 60000 | | |
| 5 | വത്സല , തുണ്ടിപ്പറമ്പിൽ | 1 | 543921 / 15.3.16 | 20000 | 18.02.2016 | രേഖപ്പെടുത്തി യിട്ടില്ല |
| | | 2 | 576288 / | 60000 | | |

| | | | | | | |
|---|---|---|---|---|---|---|
| | | | 28.3.16 | | | |
| | | 3 | 584553 / 15.10.16 | 60000 | | |
| 6 | മേരി തോമസ് , പനച്ചിക്കൽ | 1 | 543920 / 15.3.16 | 20000 | 03.03.2016 | രേഖപ്പെടുത്തി യിട്ടില്ല |
| | | 2 | 576289 / 28.3.16 | 60000 | | |
| | | 3 | 584554 / 14.10.16 | 100000 | | |
| 7 | സോളി വിൻസന്റ് | 1 | 543920 / 15.3.16 | 20000 | 20.02.2016 | രേഖപ്പെടുത്തി യിട്ടില്ല |
| | | 2 | 576289 / 28.3.16 | 60000 | | |
| | | 3 | 584554 / 14.10.16 | 10000 | | |

പദ്ധതിപ്രകാരം ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയെന്ന് നിർവ്വഹണോദ്യോഗസ്ഥനും, സെക്രട്ടറിയും ഉറപ്പാക്കേണ്ടതും, നിർമ്മാണം പൂർത്തീകരിക്കാതെ ഉപേക്ഷിക്കുന്ന പക്ഷം ധനസഹായം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 3-8 കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് വർഷം പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണം താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിവിധ സ്ഥാപനങ്ങളിൽനിന്നും വാങ്ങിയിട്ടുണ്ടെങ്കിലും ഇവയെല്ലാം പഞ്ചായത്തിലെ ജനറൽ സ്റ്റോക്ക് രജിസ്റ്ററിലാണ് ചേർത്തിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S 030/2016 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്തിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| ഡെൽ ഒപ്ടിപ്ലക്സ് ഡസ്ക്ടോപ്പുകൾ 3 എണ്ണം | ബിൽ നം. 15/15-16 തീ. 22/12/2015. രൂ.144163/- ടാക്സ് ഉൾപ്പെടെ. |
| പ്രോജക്ട് നം. | S 153/2016 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കംപ്യൂട്ടർ , പ്രിന്റർ. |
| ഡെൽ ഒപ്ടിപ്ലക്സ് ഡസ്ക്ടോപ് HP ലേസർജെറ്റ് പ്രോ. Mono Laser Jet Printer | ബിൽ നം. 28/15-16 തീ. 31/03/2016. രൂ.56698/- ടാക്സ് ഉൾപ്പെടെ. |

കമ്പ്യൂട്ടർ ഉപയയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ്‌വെയറിനും സോഫ്റ്റ്‌വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് സർക്കുലർ നം.

86/2010/ഫിൻ. തീ.24/09/2010 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിൽ നിർദിഷ്ട മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സർക്കുലർ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

# 3-9 പട്ടികജാതി വിഭാഗക്കാർക്കായി ഭവന നിർമ്മാണം - ഫ്ലാറ്റ് നിർമ്മിച്ച് നല്കൽ പദ്ധതിയുടെ അനുയോജ്യത പുനഃപരിശോധിക്കാവുന്നതാണ്.

"പട്ടികജാതി വിഭാഗക്കാർക്കായി ഭവന നിർമ്മാണം" എന്ന പ്രൊജക്റ്റിന്റെ ഭാഗമായി ഫ്ലാറ്റ് നിർമ്മിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത-ഭവനരഹിത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ശ്രീ. സുനിൽ സേവ്യർ S/O ജെയിംസ്, പഴനിലത്ത് എന്നയാളുടെ പേരിലുണ്ടായിരുന്ന ചേരാനല്ലൂർ വില്ലേജിലെ റീസർവ്വേ നമ്പർ 525/04ൽപ്പെട്ട 4.66 ആർ സ്ഥലം സെന്റൊന്നിന് 2,25,000/- പ്രകാരം 25,94,250/-രൂപയ്ക്ക് പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. (പദ്ധതി നമ്പർ 100/15). ഇതിന് ആധാരമെഴുത്ത് ഫീസ് ഉൾപ്പെടെ 28,11,811/- (ബിൽ നം - 16/31.12.14) രൂപ ചെലവായിട്ടുണ്ട്. ഇതു സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-5-ൽ പരാമർശിച്ചിട്ടുണ്ട്.2015-16 വർഷം ഈ സ്ഥലത്തിന് ചുറ്റമതിലും, ഗേറ്റും പണിയുന്നതിനായി 6,88,189/- രൂപ പ്രത്യേകഘടകപദ്ധതി വിഹിതം ഉൾപ്പെടുത്തി പ്രൊജക്റ്റ് രൂപീകരിക്കുകയും, അതിൽ 4,15,000/- രൂപയ്ക്ക് സാങ്കേതികാനുമതി ( TS.No. 625/AEE /EBP/14-15 13.03.2015) ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 സാമ്പത്തികവർഷം സാങ്കേതികാനുമതി ലഭിച്ച ഈ പ്രവൃത്തി പക്ഷേ ഏറ്റെടുത്ത് നടത്തുവാൻ ആളില്ലാതെ 2015-16 സാമ്പത്തികവർഷം അവസാനമാണ് ശ്രീമതി. സുധാദേവി ടി.ജെ. കൺവീനറായി ഗുണഭോക്തൃസമിതി രൂപീകരിച്ച് കരാർ ചമച്ച് പണി നടത്തിയത്. ( എഗ്രിമെന്റ് നം. 45/AE/LSGD/CHR/15-16 Dtd. 16.02.2016). ഈ പ്രവൃത്തിയിൽ മതിൽ കെട്ടി ഗേറ്റ് സ്ഥാപിക്കാനാണ് എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ളതെങ്കിലും, 2015-16 വർഷം മതിൽ കെട്ടൽ മാത്രമേ ചെയ്തിരുന്നുള്ളൂ എന്നതിനാൽ പാർട്ട്ബിൽ പേമെന്റ് മാത്രമേ നടന്നുള്ളൂ. തുക കൊടുത്തതിന്റെ വിശദാംശം താഴെപ്പറയുന്നു.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 96,290/- |
| കുറയ്ക്കുക-റിടെൻഷൻ | 9629/- |
| ആകെ | 86,661/- |
| കൂട്ടുക-6% | 5,200 |
| ആകെ | 91,861/- |
| കുറയ്ക്കുക – നിയമാനുസൃത കിഴിവുകൾ | 6933/- |
| കൺവീനർക്ക് നല്കിയത് | 84,928/- (ട്രഷറി.ബിൽ നം. 51/15-16 തീ. 2.4.16) |

ഈ പ്രവൃത്തി സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു :-

1. 2014-15 സാമ്പത്തികവർഷം സാങ്കേതികാനുമതി ലഭിച്ച ഈ പ്രവൃത്തി 15-16 -ൽ മാത്രമാണ് ചെയ്തത് എന്നതിന്റെ കാരണം വർക്ക് സൈറ്റിലേക്ക് സാമഗ്രികൾ എത്തിക്കാനാവശ്യമായ വീതിയുള്ള റോഡ് ഈസ്ഥലത്ത് ഇല്ല എന്നുള്ളതായിരുന്നു. ഈ വസ്തുത ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുമുണ്ട്. കൈവണ്ടിയിലോ, തലച്ചുമടായോ മാത്രമേ ഇവിടെ ഇപ്പോഴത്തെ സാഹചര്യത്തിൽ മെറ്റീരിയൽസ് എത്തിക്കാനാവൂ.

2. മുൻഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത സംബന്ധിച്ച സാഹചര്യങ്ങൾക്ക് മാറ്റമൊന്നും വന്നിട്ടില്ല എന്നാണ് ഈ ഓഡിറ്റ് വേളയിലെ

സ്ഥലപരിശോധനയിലും മനസ്സിലാക്കാൻ കഴിഞ്ഞത്.

3. 2015-16 സാമ്പത്തികവർഷം എസ്.സി വിഭാഗക്കാർക്കായി ഫ്ലാറ്റ് നിർമ്മാണം (പ്രൊ.നം. 141/16) എന്ന പ്രൊജക്ടിന് എസ്.സി.പി വിഹിതം 22,13,104/- രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 12,37,115/- രൂപയും ഉൾപ്പെടെ 34,50,219/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും പദ്ധതിക്ക് തൻവർഷം സാങ്കേതികാനുമതി ലഭിക്കാതിരുന്നതുകൊണ്ട് തുകയൊന്നും ചെലവാക്കിയില്ല.
മേല്പറഞ്ഞ സാഹചര്യത്തിൽ ഈ സ്ഥലം ഫ്ലാറ്റ് നിർമ്മാണത്തിന് അനുയോജ്യമാണോയെന്നും, എസ്.സി വിഭാഗക്കാർക്കായി ഫ്ലാറ്റ് നിർമ്മാണത്തിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ട് നിർമ്മാണം പൂർത്തീകരിക്കാനാവുമോയെന്നും പഞ്ചായത്ത് ഭരണസമിതി ഗൗരവമായി പരിശോധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 2,50,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുവന്നവർക്ക് സ്കോളർഷിപ്പ് | 2,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 2,07,725 | | 2,07,725 | 0 |

2015-16 വർഷം സംയുക്ത പ്രൊജക്ടുകൾക്കു വേണ്ടി വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച വിഹിതം മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2008-09 വർഷം മുതൽ വിവിധ സംയുക്ത പ്രൊജക്ടുകൾക്കു വേണ്ടി വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകളിൽ ഇനിയും ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുകകൾ താഴെപ്പറയുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | ശാരീരിക-മാനസിക വെല്ലുവിളി നേരിടുവന്നവർക്കുള്ള സ്കോളർഷിപ്പ് | 53,492 |
| ശുചിത്വമിഷൻ | മഴക്കാല പൂർവ്വ ശുചീകരണം | 618 |
| | സമ്പൂർണ്ണ ശുചിത്വം | 1,99,675 |
| സി.ഡി.പി.ഒ | പൂരക പോഷകാഹാരം (കേന്ദ്രവിഹിതം) | 62,358 |
| മൃഗസംരക്ഷണവകുപ്പ് | മൃഗാശുപത്രി നിർമ്മാണം | 4,50,000 |

ഈ തുകകൾ ചെലവഴിക്കുകയോ, അല്ലാത്തപക്ഷം അതാത് ഏജൻസികൾക്ക് തിരികെ നല്കുകയോ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6,607/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2009-10, 2010-11 & 2011-12 | 3-3 | 436/- | ആരിഫ മുഹമ്മദ് പഞ്ചായത്ത് മെമ്പർ | 11508104217/ 13.10.15 |
| | | 436/- | പാസ്കൽ ജയിംസ് പഞ്ചായത്ത് മെമ്പർ | 11508104211/ 13.10.15 |
| | | 436/- | സോണി ചീക്കു പഞ്ചായത്ത് മെമ്പർ | 11508104178/ 13.10.15 |
| | | 436/- | സി.കെ രാജു പഞ്ചായത്ത് മെമ്പർ | 11508104175/ 13.10.15 |
| | | 436/- | ബേബി ലോറൻസ് പഞ്ചായത്ത് മെമ്പർ | 11508104146/ 13.10.15 |
| | | 436/- | ബെന്നി ഫ്രാൻസിസ് പഞ്ചായത്ത് മെമ്പർ | 11508104145/ 13.10.15 |
| | | 436/- | ത്രേസ്യ തോമസ് പഞ്ചായത്ത് മെമ്പർ | 1150810414/ 13.10.15 |
| | | 436/- | രാജേഷ് കെ.ജി പഞ്ചായത്ത് മെമ്പർ | 11508104292/ 14.10.15 |
| | | 436/- | പോൾ ജോസഫ് പഞ്ചായത്ത് മെമ്പർ | 11508104277/ 14.10.15 |

| | | | | |
|---|---|---|---|---|
| | | 436/- | മിനി വർഗ്ഗീസ് പഞ്ചായത്ത് മെമ്പർ | 11508104276/ 14.10.15 |
| 2013-14 | 2.2 | 372/- | ഡോ.ജിനിൽ കുമാർ | 11508105158/ 4.01.15 |
| 2013-14 | 2.2 | 375/- | അമില ടി.എസ് ടെക്നിക്കൽ അസിസ്റ്റന്റ് | 11508105856/ 8.01.15 |
| 2013-14 | 2.2(1) | 1500/- | അഗസ്റ്റിൻ കെ.കെ | 11508103302/ 15.9.15 |
| | ആകെ | 6607/- | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2003-04 | 3.7.10.1 | തെരുവുവിളക്കുകൾ വാങ്ങിയതിൽ സംഭവിച്ച നഷ്ടം | ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീമതി. എൽസമ്മ കൊയ്ലോ -യുടെ ഡി.സി. ആർ.ജി-യിൽനിന്ന് 54,511/- രൂപ പിടിച്ചതായി പഞ്ചായത്തിൽ അറിയിപ്പ് വന്നെങ്കിലും, ടിതുക നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെച്ചിട്ടില്ല. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,65,02,047 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,28,93,723 |
| വരവിനങ്ങളിലുള്ള നഷ്ടം | 5,440 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,927 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| | | | |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
| 2-1 | 4,200 | - | മാലതി കെ.വി , സെക്രട്ടറി |
| 2-2 | 1,240 | - | ജയരാജ് പി.എം, സെക്രട്ടറി |
| 3-2 | - | 3,927 | ബിന്ദു പ്രസാദ് എസ്. അസിസ്ററന്റ് എഞ്ചിനീയർ |
| ആകെ | 5,440 | 3,927 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 15,000 | ഡോ.സുലേഖ., എസ്.എൽ., വെറ്ററിനറി സർജ്ജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മാലതി കെ.വി , സെക്രട്ടറി | തുറവൂർ ഗ്രാമപഞ്ചായത്ത്, അങ്കമാലി | തെക്കേ കൊണ്ടോട്ടിൽ, ബി.ടി.എസ് റോഡ് ഇടപ്പള്ളി |
| ജയരാജ് പി.എം, സെക്രട്ടറി | സെക്രട്ടറി,ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | പാല്ലിയശ്ശേരി ഹൗസ്, പനമ്പ്കാട്, വല്ലാർപാടം (പി.ഒ.) |
| ഡോ.സുലേഖ. എസ്.എൽ , വെറ്ററിനറി സർജ്ജൻ | അവധിയിൽ പ്രവേശിച്ചു | 9സി, ക്ളിയർ വേ-കൊളോസ്സൽ , അപ്പാർട്ട്മെന്റ് ഹൈസ്കൂൾ ഗ്രൗണ്ട് , കൊച്ചി- 28 |
| ബിന്ദു പ്രസാദ് എസ്. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ , ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | ആഞ്ഞിലി വേലിൽ Xth പീയൂസ് ലൈൻ , പി.ടി.ആർ.ആർ. എ , 53 ബി, പൊന്നുരുന്നി , വൈറ്റില |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുംപുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി.3)982/98 തീയതി. 22.05.2000 |
| 1997-98 ചെലവ് | എൽ.എഫ്.ഇ.(പി.3)1061/98 തീയതി. 09.05.2000 |
| 1997-98 വരവ് | എൽ.എഫ്.ഇ.(പി.3)321/03 തീയതി. 19.07.2003 |
| 1998-99 | എൽ.എഫ്.ഇ.(പി.3)561/02 തീയതി. 07.01.2003 |
| 1999-00 | എൽ.എഫ്.ഇ.(പി.3)1654/03 തീയതി. 10.08.2004 |
| 2002-03 | എൽ.എഫ്.ഇ.(പി.3)729/05 തീയതി. 20.04.2006 |
| 2003-04 | എൽ.എഫ്.ഇ.(പി.3)561/02 തീയതി. 18.12.2008 |
| 2009-10 | എൽ.എഫ്.ഇ.(പി.8)1887/10 തീയതി. 05.08.2011 |
| 2008-09, 2010-11 & 2011-12 | എൽ.എഫ്.ഇ.(പി.8)1720/12 തീയതി. 08.01.2013 |
| 2012-13 | എൽ.എഫ്.ഇ.(പി.10)484/14 തീയതി. 20.05.2014 |
| 2013-14 | എൽ.എഫ്.ഇ.(പി.10)1525/2015 തീയതി.10.09.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി10)881/2016 തീ. 07.06.2016 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-ഇകെഎം(പി10)2043/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 13.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.10)2043/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 13.12.2016

Certified that I have audited the Annual Financial Statement of CHERANALLUR Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of CHERANALLUR Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director (H.G.)